പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3826 17/10/2011 ൽ മറുപടിയ്ക്ക്

# ആദിവാസി മേഖലകളിൽ സാമൂഹ്യ സംസ്ക്കാരിക കൂട്ടായ്മ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി. പി. സജീന്ദ്രൻ | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ആദിവാസി മേഖലകളിൽ സാമൂഹ്യ സാംസ്കാരിക കൂട്ടായ്മ വളർത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) ആദിവാസി ഊരുകളിലെ പരമ്പരാഗത സംഘങ്ങളെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കൊണ്ടു വന്ന് അവർക്കിടയിൽ ഒരു സാംസ്കാരിക കൂട്ടായ്മ വളർത്തുന്നതിന് 'ഗദ്ദിക' എന്നൊരു പരിപാടി നിലവിൽ നടത്തിവരുന്നുണ്ട്. ഇതിന് പുറമേ കലാകായിക രംഗത്തുള്ള കൂടുതൽപ്പേരെ ഒരുമിച്ച് പങ്കെടുപ്പിക്കുന്നതിനുള്ള സാംസ്കാരിക കൂട്ടായ്മയ്ക്കുള്ള ഒരു ശുപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ആയത് കൈവരിക്കുന്ന തിനായി ഈ മേഖലകളിൽ കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മി ക്കുന്നകാര്യം പരിഗണിക്കുമോ; | (ബി) തെരെഞ്ഞെടുക്കപ്പെട്ട പ്രധാന കോളനികളിൽ ഇത്തരത്തിലുള്ള കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിച്ചുവരുന്നുണ്ട്. |
| (സി) ഈ ഹാളുകളുടെ നിർമ്മാണ ചെലവിനുള്ള തുക എങ്ങനെ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്; | (സി) സർക്കാർ അനുവദിക്കുന്ന വിവിധ പദ്ധതി നിർവ്വഹണത്തിനുള്ള ഫണ്ടിൽ നിന്നാണ് ഇപ്രകാരമുള്ള കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിച്ചുവരുന്നത്. |
| (ഡി) ഈ സംരംഭത്തിന് സ്വകാര്യ എൻ. ജി. ഒ. പങ്കാളിത്തം തേടുമോ? | (ഡി) നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ